# കുട്ടികളുടെ വളർച്ചയും
# വ്യക്തിത്വ വികാസവും

jthrees@hotmail.com

## *2. കുടുംബാന്തരീക്ഷം*

"കുടിച്ചുകൊണ്ടാണ് ഞങ്ങളുടെ അഛൻ എന്നും ജോലി കഴിഞ്ഞ് വീട്ടിലെത്തുന്നത്. ആ ലഹരിയിൽ അമ്മയോടും ഞങ്ങളോടും തട്ടിക്കയറുകയും വല്ലാതെ മർധിക്കുകയും ചെയ്യും. ഈ വീട്ടിൽ നില്ക്കാൻ തന്നെ മനസ്സില്ല. സ്കൂൾ വിട്ട് വീട്ടിലെത്തുന്നത് വല്ലാത്ത പ്രയാസത്തിലാണ്. ഞങ്ങൾക്ക് ജീവിതത്തിൽ ഒരു സന്തോഷവും തോന്നുന്നില്ല. പഠനത്തിൽ ഞങ്ങൾ മോശമല്ല. എല്ലാ വിഷയങ്ങളിലും നല്ല മാർക്ക് വാങ്ങുന്നുണ്ട്. പക്ഷേ, അഛന്റെ ഈ പ്രശ്നത്താൽ ഞങ്ങൾ മാനസികമായി തളർന്നിരിക്കുന്നു. നന്നായി പഠിക്കാനും സന്തോഷത്തോടെ കഴിയാനും സാധിക്കുന്ന ഒരു സ്ഥലം ഉണ്ടായിരുന്നെങ്കിൽ അവിടേക്ക് മാറിതാമസിക്കാമായിരുന്നു. വല്ല ഓർഫനേജോ മറ്റോ ആയാലും കൊള്ളാം. ചേട്ടൻ ഞങ്ങളെ അതിന് സഹായിക്കണം." ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ഒരു മിടുക്കിയുടെ ആവലാതി നിറഞ്ഞ അപേക്ഷയാണിത്.

മനസ്സ് വല്ലാതെ വേദനിച്ചു. നമ്മുടെ കരളിന്റെ കഷണങ്ങളല്ലേ മക്കൾ? അവരുടെ സന്തോഷത്തിനല്ലേ രക്ഷിതാക്കൾ പ്രാധാന്യം കല്പിക്കേണ്ടത്? അവരുടെ സന്തോഷമാണല്ലോ രക്ഷിതാക്കളുടെയും സന്തോഷം. അവരെ പ്രയാസപ്പെടുത്തുന്ന സംഗതി രക്ഷിതാക്കളെയും പ്രയാസപ്പെടുത്തും. എത്രയും പെട്ടെന്ന് അവരത് പരിഹരിക്കാൻ ശ്രമിക്കും. അതാണ് രക്ഷി താക്കൾ.

സ്വന്തം രക്ഷിതാവിനെപ്പറ്റി ആവലാതി പറഞ്ഞ കുട്ടികളെ സമാധാനിപ്പിക്കുന്നതിനെക്കാളേറെ അവരുടെ പിതാവിനെ ശാസിക്കാനാണ് തോന്നിയത്.

പറഞ്ഞുവന്നത് കുട്ടികളുടെ വ്യക്തിത്വവികാസത്തിൽ മാതാപിതാക്കളുടെ പങ്കിനെക്കുറിച്ചാണ്. അതുമായി ബന്ധപ്പെടുത്തി പറയേണ്ട വിഷയമാണ് കുടുംബാന്തരീക്ഷം.

### കുടുംബം

വ്യത്യസ്ത രണ്ടു കുടുംബങ്ങളിലെ രണ്ടുപേർ വിവാഹമെന്ന കരാറിലൂടെ സംയോജിച്ചു നടത്തുന്ന ഒരു സ്ഥാപനമാകുന്നു കുടുംബം. സമൂഹത്തിന്റെ ചെറിയ യൂനിറ്റാണത്. അവിടെ പുരുഷനാണ് നാഥൻ. സമൂഹത്തിന്റെയും കുടുംബത്തിന്റെയും ആരോഗ്യവും സുരക്ഷിതത്വവും പരസ്പരം പൂരകങ്ങളാണ്. കുടുംബം സംസ്കാരമുള്ളതായി മാറിയെങ്കിൽ മാത്രമേ സമൂഹവും നന്നാവുകയുള്ളൂ. അതിനാൽ കുടുംബത്തിൽനിന്നു വേണം എല്ലാം തുടങ്ങുവാൻ.

വളർന്നുവരുന്ന ഒരു കുട്ടിക്ക് പ്രധാനമായും തന്റെ കുടുംബത്തിൽനിന്ന് ലഭിക്കേണ്ട സംഗതികളെ നമുക്ക് ഇവയാണ്: സംരക്ഷണം, സുരക്ഷതിത്വം, സഹവാസം, സാമൂഹികാവ ബോധം, വിജ്ഞാനം.

ഇവയിൽ ആദ്യത്തെ രണ്ട് ഘട്ടങ്ങൾ മാതാവിൽനിന്നാണ് തുടങ്ങേണ്ടത്. മൂന്നും നാലും ഘട്ടങ്ങളിൽ പിതാവിന്റെ സൂക്ഷ്മമായ നിരീക്ഷണവും നിയന്ത്രണം ആവശ്യമാണ്. അവിടെ നിന്നാണ് കുട്ടിയുടെ സ്വഭാവവും ഭാവിയും നിർണയിക്കപ്പെടുന്നത്. ആ ഘട്ടത്തിൽ അവനെ അരക്ഷിതനാക്കരുത്. കുടുംബത്തെ സംബന്ധിച്ച ഉത്തമ ധാരണ മൂന്നാം ഘട്ടത്തിലാണ് കുട്ടിയിൽ വളർത്തിയെടുക്കേണ്ടത്. ഈ ഘട്ടങ്ങളിൽ കുട്ടി സ്വരൂപിച്ചെടുക്കുന്ന മാനസികവും ബുദ്ധിപരവുമായ സമീപരീതിയായിരിക്കും അവന്റെ ഭാവിയിലും സ്വഭാവത്തിലും പ്രതിഫലിക്കുക.

കുട്ടികൾക്ക് ഗൃഹാന്തരീക്ഷത്തിൽ നല്കുന്നതെന്തും മധുരവും ഉത്തമവുമായിരിക്കണം. എങ്കി ലേ കുട്ടികൾ നാം ഉദ്ദേശിക്കുന്നതുപോലെ, അഥവാ അവർക്കും സമൂഹത്തിനും ഉപകരിക്കുന്ന വിധത്തിൽ നല്ലവരായി അവർ വളരുകയുള്ളൂ.

പഴയ കാലത്തെ അപേക്ഷിച്ച് ഏറെ ശ്രദ്ധിക്കേണ്ട സമയമാണിത്. കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാത്തതാണ് ഇന്നത്തെ മിക്ക കുടുംബവും. മുത്തഛനും മുത്തശ്ശിയുമൊക്കെ നയിച്ചിരുന്ന കൂട്ടുകുടുംബസമൂഹം ഇന്ന് പല കുടുംബങ്ങൾക്കും ഓർമകൾ മാത്രം. പല കുട്ടികൾക്കും മുത്തഛന്റെയും മത്തശ്ശിയുടെയും സഹവാസവും തലോടലും അന്യമാണ്. അവരിൽനിന്ന് ലഭി ച്ചിരുന്ന പല "നല്ല കാര്യങ്ങളും" കുട്ടികൾക്ക് അജ്ഞാതമാണിന്ന്. പകരം അവർക്ക് ടി.വി.യും കമ്പ്യൂട്ടറും കൂട്ടിനുള്ളത്. അതിനാൽ തന്നെ ഗൃഹാന്തരീക്ഷത്തിൽ വെച്ച് അവർക്ക് കിട്ടേണ്ട പല

നല്ല കാര്യങ്ങളും കിട്ടാതെപോകുന്നു. അതിൽ പലതും അവരുടെ വ്യക്തിത്വവികാസത്തിലും സംസ്കാരത്തിലും പ്രതിഫലിക്കേണ്ട കാര്യങ്ങളാകുന്നു.

ടി.വിയുടെയും കമ്പ്യൂട്ടറിൻെറയും സ്കൂൾപുസ്തകങ്ങളുടെയും മുമ്പിൽ തളക്കപ്പെട്ട കുട്ടികളുടെ ജീവിതത്തിൽ സംഭവിച്ച വലിയ പോരായ്മയാണ് സാമൂഹികാവബോധത്തിൽ സംഭവിച്ച കുറവുകൾ. "ഇന്നത്തെ കുട്ടികൾക്ക് സാമൂഹികാവബോധവും ബന്ധങ്ങളും ഏറെയാണ്" എന്ന് പലർക്കും പറയാം. പക്ഷേ, ആ "അവബോധവും ബന്ധങ്ങളും" ആരോഗ്യപരമല്ല. ബോയ്ഫ്രണ്ടിനെയും ഗേൾഫ്രണ്ടിനെയും സൃഷ്ടിക്കാനുള്ള സ്പോൺസേർഡ് ചാനൽപരിപാടികളുടെ ഭാഗമാണത്. ആരോഗ്യകരവും സംസ്കാരസമ്പന്നവുമായ വ്യക്തിത്വങ്ങളെ വാർത്തെടുക്കാനുള്ള പരിപാടികളൊന്നും അവരുടെ പക്കലില്ല.

ഉന്നത സംസ്കാരമുള്ള കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾക്ക് ആരോഗ്യകരമായ മനസ്സും ഉയർന്ന വ്യക്തിത്വവും ആർജിക്കാൻ സാധിക്കും. പക്ഷേ, ആ രീതിയിലുള്ള കുടുംബാന്തരീക്ഷം ഒരുക്കേണ്ടത് രക്ഷിതാക്കളാണ്. കുടുംബത്തിൻെറ ഭരണാധികാരികളാണ് മാതാപിതാക്കൾ. ഭരണാധികാരികൾ ദുഷിച്ച ഒരു സമൂഹത്തിൽ നന്മ ഉണ്ടാവുകയില്ല. ആ ചുറ്റുപാടിൽ കഴിഞ്ഞുകൂടുന്നവരിൽ തെറ്റുകളോട് പ്രതിബദ്ധത കൂടുകയും അരാചകത്വം ഉടലെടുക്കുകയും ചെയ്യും. ചരിത്രത്തിൽ അതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. ഇതുതന്നെയാണ് കുടുംബത്തിൻെറയും സ്ഥിതി. അതിനാൽ അടിസ്ഥാനപരമായി നാല് കാര്യങ്ങൾ മാതാപിതാക്കൾ ചെയ്യണം.

1. അവർ സ്വയം തന്നെ ഉത്തമ സ്വഭാവവും സംസ്കാരവും ആർജിക്കുക.
2. കുട്ടികളുടെ മുമ്പിൽവെച്ച് ഉത്തമസ്വഭാവത്തിന് നിരക്കാത്ത ഒന്നും ചെയ്യുകയോ പറയുകയോ ചെയ്യാതിരിക്കുക.
3. പാഠ്യേതര വിഷയങ്ങൾക്കു പുറമെ കുട്ടികളുടെ സ്വഭാവസംസ്കരണവുമായി ബന്ധപ്പെട്ട് കൗൺസിലിംഗും ധാർമികബോധമുണ്ടാക്കാനുതകുന്ന ക്ലാസുകളും നല്കാൻ സംവിധാനം ചെയ്യുക.
4. അവിടെ നിന്ന് ലഭിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പാലിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയും മാതാപിതാക്കൾ സ്വയം മാതൃകകളാവുകയും ചെയ്യുക.

തങ്ങളുടെ കുട്ടികൾ യോഗ്യരായി വളരണമെന്ന് കരുതിയതുകൊണ്ട് കാര്യമില്ല. മാതാപിതാക്കളുടെ സ്വഭാവത്തെയും അവർ നയിക്കുന്ന കുടുംബത്തിലെ അവസ്ഥകളെയുമാണ് കുട്ടികൾ അനുകരിക്കുക. കടലാസ് ചുരുട്ടി സിഗരറ്റ്വലി അനുകരിക്കുന്ന കുട്ടികൾക്ക് അതിനുള്ള പ്രചോദനം പ്രധാനമായും വീട്ടിനകത്തെ പുകവലിക്കാരനായ പിതാവ് തന്നെയാണ്. ആ അനുകരണത്തിൻെറ പേരിൽ കുട്ടിയെ ശാസിക്കുന്നതിനു മുമ്പ് പിതാവ് സ്വയം അതവസാനിപ്പിക്കുകയാണ് വേണ്ടത്.

സന്താനങ്ങളുടെ പഠനത്തിലും അവരുടെ ശോഭനഭാവിയിലും ആശങ്ക പുലർത്തുന്ന പല രക്ഷിതാക്കളെയും കണ്ടിട്ടുണ്ട്. മിക്കപ്പോഴും ഈ ആശങ്ക കുട്ടികളുടെ പഠനത്തിലും ജോലിക്കാര്യത്തിലും പരിമിതമാണ്. വഴിതെറ്റിക്കൊണ്ടിരിക്കുന്ന സാമൂഹിക ചുറ്റുപാടിൽ വളർന്നുവരുന്ന തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമികനിലവാരമോ അവൻെറ വ്യക്തിത്വത്തിൽ താൻ അറിയാതെ കടന്നുകൂടുന്ന മാറ്റങ്ങളോ അത് അവൻെറ ജീവിതത്തിലും തൻെറ കുടുംബ സ്വസ്ഥതയിലും വരുത്തുന്ന തകരാറുകളോ പിതാവ് ശ്രദ്ധിക്കണമെന്നില്ല.

ഒരിക്കൽ ഒരു പിതാവ് പറഞ്ഞു: "നാടൊക്കെ വളരെ മോശമായിരിക്കുന്നു. നാം കരുതിയതുപോലെയല്ല ഇപ്പോഴത്തെ ചെറുപ്പക്കാരൊന്നും. ഞാൻ എൻെറ മോനെ ഏതെങ്കിലും ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിക്കാൻ പോവുകയാ." പാവം പിതാവ്. അദ്ദേഹത്തിന് കുട്ടികളുടെ കാര്യത്തിലുള്ള ആശങ്ക ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അതേയവസരം പല ഹോസ്റ്റലുകളുടെയും "അകക്കാര്യങ്ങ"ളെപ്പറ്റി ഓർത്തപ്പോൾ അദ്ദേഹത്തോട് സഹതാപം തോന്നുകയും ചെയ്തു.

ഹോസ്റ്റലുകളെ പഴിക്കുകയല്ല, ആരെയും നിരുത്സാഹപ്പെടുത്തുകയുമല്ല, ഇപ്പറഞ്ഞത് അവസാന വാക്കുമല്ല. പക്ഷേ, സ്വന്തം വ്യക്തിത്വത്തിൻെറ അരിക് പറ്റി ജീവിക്കേണ്ട കുട്ടികളെ തന്നിൽനിന്ന് അകറ്റിനിർത്തിയാൽ പിന്നെ ലഭിക്കുന്നത് അതിനെക്കാൾ മെച്ചമാതായിരിക്കുമോ? അത്തരം ഒരു അവസ്ഥയിലേക്ക് കുട്ടിയെ വലിച്ചടാൻ മാത്രം അവനിൽ എന്താണ് സംഭവിച്ചത്? താൻ ഉദ്ദേശിച്ചതുപോലെയല്ല കുട്ടി വളർന്നുവരുന്നത് എന്ന വ്യഥയോ സമൂഹത്തെ സംബന്ധിച്ച സാംസ്കാരികമായ ഭയമോ ഏതാണ് കുട്ടിയെ ഹോസ്റ്റലീകരിക്കാൻ പിതാവിനെ നിർബന്ധിക്കുന്നത്? രണ്ടായാലും അതിൻെറ ഉത്തരവാദി രക്ഷിതാവാണ്. കാരണം:

1. താൻ ഉദ്ദേശിക്കുന്ന രീതിയിൽ കുട്ടിയെ വളർത്താനുള്ള കുടുംബാന്തരീക്ഷം അയാൾ വീട്ടിനകത്ത് തയാറാക്കിയില്ല.
2. തന്നെ അനുകരിച്ച് ജീവിക്കുന്ന കാര്യത്തിൽ കുട്ടിയെ തല്പരനാക്കുന്നതിലും അതിനുള്ള സാഹചര്യം കുട്ടിക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിലും അയാൾ പരാജയപ്പെടുകയോ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്തതു പോലെ അക്കാര്യത്തിൽ കുട്ടിയുടെ പ്രയാസങ്ങൾ അയാൾ മനസ്സിലാക്കാതെ പോവുകയും ചെയ്തു.
3. കുട്ടിയെ നിയന്ത്രിക്കേണ്ട സമയത്ത് അതിനനുസൃതമായ നിർദ്ദേശങ്ങൾ നല്കി വളർത്തുന്നതിലും തൻെറ നിർദ്ദേശങ്ങൾ അവനെ അനുസരിപ്പിക്കുന്നതിലും അയാൾ പരാജയപ്പെട്ടു.
4. സമൂഹവുമായി കുട്ടി ബന്ധപ്പെടുന്ന രീതി പരിശോധിക്കുന്നതിലും ആവശ്യമായ തിരുത്ത് നല്കുന്നതിലും അയാൾ ശ്രദ്ധിച്ചില്ല.

അതിനാൽ കുടുംബാന്തരീക്ഷം നന്നാക്കുകയാണ് ആദ്യം വേണ്ടത്. മോശപ്പെട്ട കുടുംബാന്തരീക്ഷത്തിൽനിന്ന് ഹോസ്റ്റലുകളിലേക്ക് അടർത്തിയെടുക്കപ്പെടുന്ന പല കുട്ടികളും ഒളിച്ചോട്ടത്തിനുള്ള തീവ്രമായ ശ്രമത്തിലായിരിക്കും മുഴുകുക.

കുട്ടികൾ എപ്പോഴും തങ്ങളുടെ സ്വഭാവ-പെരുമാറ്റ രീതികൾ ആർജിക്കുന്നത് ആദ്യം മാതാപിതാക്കളിൽനിന്നാണെന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. ഒരു പ്രശ്നം അഭിമുഖീകരിച്ചാൽ അതിനോട് തൻെറ പിതാവ് / മാതാവ് പ്രതികരച്ചതെങ്ങനെ എന്നായിരിക്കും അവൻ ആദ്യം പരിശോധിക്കുക. അതിനനുസൃതമായാണ് അവനും ആ പ്രശ്നം കൈകാര്യം ചെയ്യുക. ഈ രീതി ക്രിയാത്മകയും ആരോഗ്യപരവുമാകണമെങ്കിൽ ആദ്യം അനുയോജ്യമായ സാഹചര്യവും മാതൃകയും അവർക്കു മുമ്പിൽ ഉണ്ടാവുക തന്നെ വേണം.

കലുഷമായ കുടുംബാന്തരീക്ഷം കുട്ടികളിൽ പിരിമുറുക്കവും സ്വഭാവത്തിൽ ശാഠ്യവും പരുഷതയും വർധിക്കാൻ കാരണമാക്കും. അനുസരണക്കേടും ധിക്കാരവും അതിൻെറ വലിയ ദൂഷ്യമാണ്. കുട്ടികളെ എന്തിനും ഏതിനും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ അവർ സ്നേഹത്തിനായി ദാഹിക്കുകയും അത് കിട്ടുന്ന അന്യപോക്കറ്റുകളെ ആശ്രയിക്കുകയും ചെയ്യും. ഇതാകട്ടെ, കുട്ടിയെ വഴി തെറ്റിക്കുകയും മാനസികമായി രക്ഷിതാക്കളിൽനിന്ന് അകറ്റുകയും ചെയ്യും.

കുട്ടികൾ തമ്മിലുള്ള ബന്ധവും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. വീട്ടിനകത്ത് അഛനമ്മമാർ രക്ഷിതാക്കൾ മാത്രമല്ല, അധ്യാപകർ കൂടിയാണ്. അവർ സ്വയം അനുകരണീയരാകണം. കുട്ടികൾ തമ്മിലുള്ള ബന്ധങ്ങളിൽ ശ്രദ്ധിക്കുകയും വഴക്ക് കൂടുന്ന അവസ്ഥയും നിയന്ത്രിക്കുകയും വേണം. കാര്യങ്ങൾ തീരുമാനിക്കുമ്പോൾ നിഷ്പക്ഷമാകുന്നതോടൊപ്പം അവരെ ബോധ്യപ്പെടുത്തുന്ന രീതിയിലുമാകണം.

കുട്ടികൾ വഴക്ക് കൂടുകയും പരാജയപ്പെടുന്ന കുട്ടി ആവലാതി പറയുകയും ചെയ്യുമ്പോൾ എത്ര വലിയ പ്രശ്നമാണെങ്കിലും ചില രക്ഷിതാക്കൾ പ്രശ്നം ലാഘവത്തോടെ കാണുകയോ അയാൾക്ക് മമത തോന്നുന്ന കുട്ടിക്ക് അനുകൂലമായ സമീപനം സ്വീകരിക്കുകയും ചെയ്യും. അടിച്ചമർത്തപ്പെടുന്ന മനസ്സുമായി വാശി ഉള്ളിലൊതുക്കി പുരക്കകത്ത് വളരുന്ന “എതിർകക്ഷി”യെ പിതാവിന് മനസ്സിലാക്കാനാകാതെ പോയാൽ അത് അപകടം ചെയ്യും. മനസ്സിലുണ്ടാക്കുന്ന മുറിവുകൾ ഉണങ്ങാൻ കാലതാമസം നേരിടും. രക്ഷിതാക്കളുടെ സ്വകാര്യസമയങ്ങളിൽ അവരുടെ റൂമുകളിലേക്ക് അബദ്ധവശാൽ കയറിച്ചെല്ലുന്ന കുട്ടി, തൻെറ രക്ഷിതാക്കളുടെ മുഖഭാവങ്ങളിൽനിന്നു തന്നെ അതിനുള്ള ശിക്ഷ ഏല്പക്കുന്നുണ്ട്. അതിൻെറ പേരിൽ കുട്ടിയെ വീണ്ടും ശാസിക്കാൻ മുതിരരുത്. അത്തരം വിഷയങ്ങളിൽ മാന്യവും ആരോഗ്യപരവുമായ രീതിയിലായിരിക്കണം അവരെ തിരുത്തുന്നത്. സ്നേഹമായിരിക്കണം അവിടത്തെ ഭാഷ.

കുട്ടികളുടെ ഉയർന്ന മാനസികവളർച്ചയും ആരോഗ്യപരമായ വ്യക്തിത്വവികാസവും ഗാർഹികാന്തരീക്ഷത്തെ ആശ്രയിച്ചു നില്ക്കുന്നു എന്നാണ് പറഞ്ഞുവന്നത്. അവിടെനിന്ന് രൂപം കൊള്ളുന്ന വ്യക്തിത്വമാണ് ഭാവിജീവിതത്തിലേക്ക് അവരെ നയിക്കുക. അതിനാൽ തൻെറ മക്കൾ എങ്ങനെ വളരണമെന്നും ജീവിക്കണമെന്നും മാതാപിതാക്കൾക്ക് തികഞ്ഞ ധാരണയും കാഴ്ചപ്പാടും ഉണ്ടാകണം. അതിനാണ് ഗാർഹികാന്തരീക്ഷം അനുകൂലമാക്കണം എന്നുപറഞ്ഞത്. കാരണം, അവിടെയാണല്ലോ കുട്ടികളുടെ കളരി. അവിടെയുള്ളതൊക്കെ അവർ അനുകരിക്കുകയും അത് സ്വഭാവത്തിൻെറ ഭാഗമായി മാറുകയും ചെയ്യും.

സ്വഭാവ-വ്യക്തിത്വ രൂപീകരണത്തിൽ കുട്ടികൾ തങ്ങളുടെ ഗാർഹികചുറ്റുപാടുകളെ ഉപയോഗിക്കുന്നത് പ്രധാനമായും മൂന്ന് രീതികളിലാണ്. നിരീക്ഷണം, അനുകരണം, ഉൾക്കാഴ്ച എന്നിവയാണവ.

1. നിരീക്ഷണമാണ് വസ്തുതകളെ മനസ്സിലാക്കുവാനും തിരിച്ചറിയാനും കുട്ടികളെ സഹായിക്കുന്നത്. അതിനാൽ അവരുടെ മുമ്പിൽ നല്ല ചുറ്റുപാടുകൾ ഉണ്ടാക്കിയെടുക്കണം. മുതിർന്നവർ പരസ്പരം ദുഷ്പേരുകൾ വിളിക്കുന്ന വീട്ടിൽ വളരുന്ന കുട്ടിക്ക് അതിൻെറ ദൂഷ്യവശം മനസ്സിലാകണമെന്നില്ല. തൻെറ പെരുമാറ്റത്തിൻെറ ഒരു ഭാഗമായി അവൻ അതും അനുകരിക്കും. അതിൻെറ പേരിൽ നീരസം പ്രകടിപ്പിച്ചതുകൊണ്ട് കാര്യമില്ല.

നല്ല സ്വഭാവം, നല്ല വാക്കുകൾ, സാരോപദേശ കഥകൾ, സന്തോഷപ്രകടനം, അഭിനന്ദനം, വൃത്തിയുള്ള വസ്ത്രധാരണ, ക്ഷമ, വിട്ടുവീഴ്ച, തുറന്ന പെരുമാറ്റം, സ്നേഹപ്രകടനം തുടങ്ങി നല്ല ഗുണങ്ങൾ ഗൃഹാന്തരീക്ഷത്തിൽ കാണണം. ബന്ധങ്ങൾ എപ്പോഴും ഊഷ്മളമായിരിക്കണം. അതുവഴി കുട്ടികളിലും അത്തരം സ്വഭാവം വളർത്തിയെടുക്കാൻ സാധിക്കണം. അതോടൊപ്പം മാതാപിതാക്കളോടുള്ള സ്നേഹം, കുടുംബത്തിൻെറ മഹിമ, അതിൻെറ സൽപേര് തുടങ്ങിയവയൊക്കെ അവരെയും പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കണം. കുട്ടികളുടെ ഈ നിരീക്ഷണ ഘട്ടത്തിൽ മാതാപിതാക്കൾ വളരെ ജാഗ്രത പാലിക്കേണ്ടതുണ്ട്.

2. നിരീക്ഷണത്തിലൂടെ ലഭിച്ചത് പ്രാവർത്തികമാക്കുന്ന ഘട്ടമാണ് രണ്ടാമത്തേത്. 2-6 വയസ്സു മുതൽ തന്നെ അവർ മാതാപിതാക്കളുടെ സ്വഭാവും പെരുമാറ്റവും കാഴ്ചവെക്കാൻ തുടങ്ങും. ഉത്തമസ്വഭാവവും സംസ്കാരവുമാണ് രക്ഷിതാക്കളുടെതെങ്കിൽ കുട്ടികൾ അത് പ്രകടിപ്പിച്ചു തുടങ്ങും. ഈ ഘട്ടം നിർണായകമാണ്. തൻെറ രക്ഷിതാക്കളെ സംബന്ധിച്ച പല കാര്യങ്ങളും മനസ്സിൽ ശേഖരിച്ചുവെക്കാൻ തുടങ്ങുന്നത് ഈ ഘട്ടങ്ങൾക്കിടയിലാണ്.

3. സ്വന്തത്തെക്കുറിച്ചും ചുറ്റുപാടിനെക്കുറിച്ചുമൊക്കെ ചിന്തിച്ചുതുടങ്ങുന്ന ഘട്ടമാണ് മൂന്നാമത്തേത്. കൗമാരപ്രായം മുതൽ പ്രായപൂർത്തിയാകുന്നതുവരെയാണ് ഇത് പ്രധാനമായും കാണപ്പെടുന്നത്. സ്വന്തം ഗൃഹത്തെയും മാതാപിതാക്കളെയും മറ്റുള്ളവരുടെതുമായി താരതമ്യം ചെയ്തു ചിന്തിക്കാനും അതിനനുസൃതമായി പ്രതികരിക്കാനും പലപ്പോഴും അവർ മുതിർന്നേക്കാം. സ്വന്തം അനുഭവങ്ങളിലൂടെ കരഗതമായ അറിവ് മുമ്പിൽ വെച്ചുകൊണ്ടായിരിക്കും അവർ പലതിനെയും നോക്കിക്കാണുന്നതും പ്രതികരിക്കുന്നതും. അതിനാൽ ഈ കാലയളവിൽ അവരുടെ ധാരണകളെ ശരിയായ വിധം വളർത്തിക്കൊണ്ടുവരാൻ അവരുടെ കൂടെ കൂടുകയും സംശയങ്ങൾക്ക് നിവാരണം ഉണ്ടാക്കുകയും ചെയ്യൽ അത്യാവശ്യമാണ്. രക്ഷിതാക്കൾ തന്നെയാണ് അവർക്കുള്ള ഗൈഡ് ലൈൻ ആകേണ്ടത്.

കുട്ടികളുമായി ചെലവഴിക്കുന്ന സമയം ക്രിയാത്മകമായിരിക്കണം. അവരുടെ മനസ്സുകളിൽ ആശങ്കയും അപകർഷതാബോധവും ഉണ്ടാക്കുന്നതൊന്നും സമീപനത്തിൽ വരാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം. നല്ല സ്വഭാവത്തിൻെറയും സ്നേഹത്തിൻെറയും അച്ചടക്കമുള്ള കുടുംബത്തിൻെറയും ആവശ്യകത അവരെ പറഞ്ഞു ബോധ്യപ്പെടുത്തണം. വീട്ടിൽ വരുന്ന അതിഥികളോട് നല്ല രീതിയിൽ വർത്തിക്കുകയും കുട്ടികൾക്ക് അക്കാര്യത്തിൽ ഉയർന്ന കാഴ്ചപ്പാട് ലഭിക്കാൻ അവരെയും അതിഥികളോടൊത്തുള്ള സംസാരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നല്ലതാണ്.